(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നബാർഡ് പദ്ധതിയിലും എം.ജി.പി.-യിലും ചീക്കോട് ആശുപത്രി ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെ പവർ ലാൻട്രികളുടെ പ്രവർത്തനം

132 [137] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ എത്ര എണ്ണത്തിൽ പവർ ലാൻട്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പവർ ലാൻട്രികൾ വാങ്ങി നൽകിയിട്ടും ഉപയോഗിക്കാത്തവ എത്ര യുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേടായി കിടക്കുന്ന പവർ ലാൻട്രികൾ എത്ര; ഇവ നന്നാക്കി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പവർ ലാൻട്രികൾ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ 16 പവർ ലാൻട്രികൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	. .	4
കൊല്ലം	. .	1
ആലപ്പുഴ	. .	1
കോട്ടയം	. .	1
എറണാകുളം	. .	2
തൃശ്ശൂർ	. .	1
പാലക്കാട്	. .	1
മലപ്പുറം	. .	1
കോഴിക്കോട്	. .	2
വയനാട്	. .	1
ഇടുക്കി	. .	1

(ബി) കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെ പവർ ലാൻട്രികൾ ഉപയോഗക്ഷമമല്ല.

കൊല്ലം ജില്ലാ ആശുപത്രികളിലെ പവർ ലാൻട്രിയുടെ ഡ്രയർ മാത്രം പ്രവർത്തിക്കുന്നു.